"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.എസ് 3/13/2024-ആരോഗ്യം

ആരോഗ്യവും കുടുംബക്ഷേമവും (എസ്) വകുപ്പ്

തിരുവനന്തപുരം,

തീയതി: 25-01-2024

## പരിപത്രം

വിഷയം:- ആ.കു.വ. - പ്രവേശന വിവരങ്ങൾ കൃത്യ സമയത്തിനുള്ളിൽ OAMS മുഖേന പ്രവേശന പരീക്ഷാ കമ്മീഷണറെ അറിയിക്കുന്നത് - സംബ

സൂചന:- പ്രവേശന പരീക്ഷാ കമ്മീഷണറുടെ 05.01.2024 തിയ്യതിയിലെ CEE/751/2023-TA1 നമ്പർ കത്ത്

പ്രവേശന പരീക്ഷ കമ്മീഷണർ മുഖേന അലോട്ട്മെന്റ് നടത്തുന്ന എല്ലാ കോഴ്സുകളിലും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ പ്രവേശന വിവരങ്ങൾ OAMS (Online Admission Management System) വഴി അതാത് കോളേജ് അധികൃതർ കൃത്യമായും, സമയബന്ധിതമായും ഓരോ ഘട്ടത്തിലെയും പ്രവേശനം അവസാനിക്കുന്ന ദിവസം വൈകുന്നേരം 5.00 മണിക്കുള്ളിൽ അപ്ഡേറ്റ് ചെയ്യണമെന്ന് വിജ്ഞാപനത്തിലൂടെയും, പ്രിൻസിപ്പൽമാർക്ക് നൽകുന്ന കത്തിലൂടെയും അറിയിക്കാറുണ്ടെന്നും എന്നാൽ ഈ വ്യവസ്ഥ പല കോളേജുകളും കൃത്യമായി പാലിക്കുന്നില്ലെന്നും പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.കൂടാതെ OAMS (Online Admission Management System) വഴി പ്രവേശന വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്താൽ മാത്രമേ ഓരോ ഘട്ടത്തിലും അലോട്ട്മെന്റ് കഴിഞ്ഞതിനു ശേഷം ഒഴിവുള്ള സീറ്റ് കണ്ടെത്താൻ കഴിയുകയുള്ളുവെന്നും പ്രസ്തുത സീറ്റ് ഒഴിവുകളാണ് അടുത്ത ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കേണ്ടതെന്നും ഒരു സീറ്റിൽ പ്രവേശനം നടന്ന വിവരം OAMS-ൽ അപ്ഡേറ്റ് ചെയ്യാത്തപക്ഷം OAMS-ൽ പ്രസ്തുത സീറ്റ് ഒഴിഞ്ഞുകിടക്കുന്നതായി കാണുകയും ടി സീറ്റിലേയ്ക്ക് വീണ്ടും അലോട്ട്മെന്റ് നടത്തുന്ന സാഹചര്യം ഉണ്ടാകുന്നതായും പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .കൂടാതെ ഇത്തരം സാഹചര്യങ്ങൾ പ്രവേശനം ലഭിച്ച വിദ്യാർത്ഥിയുടെ പ്രവേശനം നഷ്ടപ്പെടുന്നതിനും കോടതി വ്യവഹാരങ്ങൾക്കും ഇടയാക്കുന്നതായും നടപ്പ് അധ്യയന വർഷം സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ പല കോളേജുകളും കൃത്യമായി OAMS അപ്ഡേറ്റ് ചെയ്യാത്തതു കാരണം അലോട്ട്മെന്റ് നടപടികളിൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രവേശന പരീക്ഷ കമ്മീഷണർ മുഖേന അലോട്ട്മെന്റ് നടത്തുന്ന എല്ലാ കോഴ്സുകളിലും പ്രവേശന നടപടികൾ തടസ്സങ്ങളില്ലാതെ നടക്കുന്നതിനായി പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ പ്രവേശന വിവരങ്ങൾ OAMS (Online Admission Management System) മുഖേന അതാത് കോളേജ് അധികൃതർ കൃത്യമായും, സമയബന്ധിതമായും ഓരോ ഘട്ടത്തിലെയും പ്രവേശനം അവസാനിക്കുന്ന ദിവസം വൈകുന്നേരം 5.00 മണിക്കുള്ളിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്നും കർശന നിർദ്ദേശം നൽകുന്നു .ഇക്കാര്യത്തിൽ വീഴ്ച വരുന്ന പക്ഷം ആയതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം

സ്ഥാപന മേധാവികളിൽ നിക്ഷിപ്തമായിരിക്കും .

എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

2. രജിസ്ട്രാർ, കേരള ആരോഗ്യ സർവകലാശാല, തൃശ്ശൂർ

3.പ്രവേശന പരീക്ഷ കമ്മീഷണർ, തിരുവനന്തപുരം

4.എല്ലാ സർക്കാർ/സ്വാശ്രയ ,മെഡിക്കൽ/ദന്തൽ കോളേജ് പ്രിൻസിപ്പൽമാർക്കും

5. എല്ലാ സർക്കാർ /സ്വാശ്രയ, നഴ്സിംഗ് / പാരാമെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും

5.ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

6. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

7. വെബ് & ന്യൂ മീഡിയ , ഐ & പി ആർ ഡി, ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Muraleedharan Chettiyar
Date: 26-01-2024 11:52:08
സെക്ഷൻ ഓഫീസർ